"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം ജില്ലാ പഞ്ചായത്ത് - പാരപ്ലീജിയ രോഗി സംഗമം പരിപാടിയ്ക്ക് വേണ്ടി സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത നടപടി- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എസി) വകുപ്പ്**

സ.ഉ.(സാധാ) നം.318/2022/LSGD തീയതി,തിരുവനന്തപുരം, 14-02-2022

പരാമർശം:-

1. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.02.2021 ലെ ബി4-569/21 നമ്പർ കത്ത്
2. 11.01.2016 ലെ ജി.ഒ(എം.എസ്) 4/2016/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്
3. 3/04/2017 ലെ ജി.ഒ(എം.എസ്) 80/2017/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്

**ഉത്തരവ്**

പാരപ്ലീജിയ രോഗി സംഗമം പരിപാടിയ്ക്ക് വേണ്ടി സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത നടപടി സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. കോട്ടയം ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് വകയിരുത്തിയ 8 ലക്ഷം രൂപയിൽ പാരപ്ലീജിയ രോഗി സംഗമം എന്ന പരിപാടിയ്ക്ക് വേണ്ടി ചെലവഴിച്ച 1.50 ലക്ഷം രൂപ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി നല്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുകയുണ്ടായി. പാരാപ്ലീജിയ പ്രോഗ്രാമിന്റെ ഭാഗമായി കോട്ടൻ ബെഡ്ഷീറ്റ് ഗിഫ്റ്റായി നല്കുന്നതിന് 54825/- രൂപയും ഭക്ഷണ ക്രമീകരണങ്ങൾക്കായി 26700/- രൂപയും ചേർത്ത് ആകെ 81525/- രൂപയാണ് ചെലവ് വന്നിട്ടുള്ളതെന്നും ചെലവ് വന്ന തുക പ്രോജക്ട് ഫണ്ടിൽ നിന്നും ബിൽ മാറി പാലിയേറ്റീവ് അക്കൗണ്ടിൽ തിരിച്ചടച്ചതായും പരാമർശം 2,3 എന്നീ ഉത്തരവുകൾ പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ കാംപെയിനുകൾ, മേളകൾ, ഉൽസവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠനയാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ ചടങ്ങുകൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിണ്ട് എന്നതിനാലാണ് പ്രസ്തുത ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളത് എന്നും ഇത്തരം ചെലവുകൾക്ക് ഇനി മുതൽ തുക ചെലവഴിക്കുകയില്ല എന്നും സർക്കാർ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം മാത്രമേ തുക ചെലവഴിക്കുകയുള്ളു എന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട് എന്നും ഇത്തരം പ്രോഗ്രാമുകൾ സംഘടിപ്പിക്കുമ്പോൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ചെലവ് ക്രമീകരിക്കുന്നതാണെന്നും മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതാണെന്നും പ്രസ്തുത ചെലവിന് സാധൂകരണം നല്കണമെന്നും

അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാരപ്ലീജിയ രോഗി സംഗമം പരിപാടിയ്ക്ക് വേണ്ടി സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) തിരുവനന്തപുരം, കേരളം
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ